# തേൻമധുരവും ധാന്യമഹിമയും ഒപ്പം തെങ്ങിൻ ഫർണിച്ചറും

Janayugom
30.12.17

തൃശൂർ: വൈഗ 2017 ലെ പ്രദർശന സ്റ്റാളുകളിൽ കാർഷിക സർവകലാശാല ഒരുക്കിയ ആകർഷണങ്ങൾ കാണാൻ തിരക്കേറെ. വൈഗയുടെ പ്രധാന തീമുകളായ നാളികേരം, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയുടെ മൂല്യ വർധിത സാധ്യതകൾ ഭംഗിയായി വിവരിക്കുന്നതിനൊപ്പം കൗതുകമുണർത്തുന്ന ഉൽപന്നങ്ങളും ഒരുക്കിയാണ് സർവകലാശാല കാണികളെ ആകർഷിക്കുന്നത്. വിവിധ തരം നാളികേരക്കുലകൾ നിരത്തിയ പവലിയനിൽ തേങ്ങയിൽ നിന്നുള്ള ഉൽപ്പന്നങ്ങളായ നീര, വെന്ത വെളിച്ചെണ്ണ കാപ്സ്യൂൾ, ഹെയർ ഓയിൽ, ഇളനീർ പുഡ്ഡിങ്ങ്, ബർഫി തുടങ്ങിയവക്കൊപ്പം തെങ്ങിൻ തടി കൊണ്ടുള്ള ഫർണിച്ചറുകളുമുണ്ട്.

പരമ്പരാഗത തടിയുൽപന്നങ്ങളോട് കിടപിടിക്കുന്ന സെറ്റികളും ചാരുകസേരയും ദിവാൻ കോട്ടും കട്ടിലുമൊക്കെ കണ്ടവർക്ക് സംശയം- ഇതു തെങ്ങിൻ തടി തന്നെയോ. പാഴാക്കി കളയുന്ന തെങ്ങിൻ തടിക്ക് ഇങ്ങനെയും ഉപയോഗമുണ്ടെന്ന് തെളിയിച്ചിരിക്കുകയാണ് ഫോറസ്ട്രി കോളജിലെ വുഡ് സയൻസ് വിഭാഗം മേധാവി ഡോ. ഇ വി അനൂപ്. തേക്കിനൊപ്പംതന്നെ ഈടും ഭംഗിയും ഈ ഫർണിച്ചറുകൾക്കുണ്ടെന്ന് അനൂപ് പറയുന്നു.

പിസാങ്ങ് സെറിബു, യംഗാംബി, ഫൗഗാമു തുടങ്ങിയ അപൂർവ വാഴക്കുലകൾ പ്രദർശിപ്പിച്ചിട്ടുള്ള അടുത്ത പവലിയനിൽ ചെങ്കദളി ജ്യൂസ്, വാഴപ്പിണ്ടിയുടെ ജ്യൂസും പൗഡറും, വാഴപ്പൂവ് അച്ചാറും ചട്ടിനിയും, വാഴപ്പഴ ഹൽവ എന്നിവയും വാഴനാര് കൊണ്ടുള്ള വസ്ത്രങ്ങളും കാണാം. ചെറുതേനീച്ചപ്പെട്ടിയും കാർഷിക സർവകലാശാല രൂപകൽപ്പന ചെയ്ത തേനീച്ചപ്പെട്ടിയും പ്രദർശിപ്പിച്ചിട്ടുള്ള തേൻ പവലിയനിൽ തേൻ മെഴുകുപയോഗിച്ചുണ്ടാക്കിയ സൗന്ദര്യ സംവർദ്ധക വസ്തുക്കളും, ഹണി ഡ്രിങ്ക്, ഹണി ലഡ്ഡു, ഹണി ആൽമണ്ട് തുടങ്ങിയ രുചിക്കൂട്ടുകളുമുണ്ട്.




ചാമ, കുവരക്, റാഗി, യവം, കമ്പം, മണിച്ചോളം എന്നിങ്ങനെ കണ്ടിട്ടുള്ളതും കണ്ടിട്ടില്ലാത്തതുമായ ചെറുധാന്യങ്ങളുടെ ശേഖരമാണ് മറ്റൊരാകർഷണം. ഇവയിൽ നിന്നുണ്ടാക്കിയ ഹെൽത്ത് മിക്സ്, ദോശക്കൂട്ട്, അവൽ, പുട്ടുപൊടി എന്നിവയും ഇവിടെയുണ്ട്. ഭൗമ സൂചികാപദവി നേടിയ ഉൽപന്നങ്ങളുടെ പ്രദർശനത്തിനടുത്ത് പട്ടാമ്പി നെല്ലു ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ച നെല്ലിനങ്ങളുടെ ശേഖരവും വിവിധ പച്ചക്കറികളിൽ നിന്നുൽപാദിപ്പിച്ച സ്ക്വാഷ്, വൈൻ, അച്ചാറുകൾ, കശുമാങ്ങയിൽ നിന്നുള്ള വിനാഗിരി, ഹൽവ, ജാം തുടങ്ങിയവയും കാണാം. ഔഷധ സസ്യങ്ങൾ കൊണ്ടുണ്ടാക്കിയ ഫേസ്പായ്ക്കും, ഷാമ്പൂ, കേശരക്ഷ വെളിച്ചെണ്ണ, ആടലോടക ചൂർണം തുടങ്ങിയവ ലഭ്യമാക്കുന്ന സ്റ്റാളിനടുത്ത് കൊക്കൊ തൈകൾക്കും കായ്കൾക്കുമൊപ്പം ശുദ്ധമായ ചോക്കലേറ്റ്, മിൽക് ചോക്കലേറ്റ്, ഡ്രിങ്കിങ്ങ് ചോക്കലേറ്റ് എന്നിവയുടേ ആകർഷകമായ ശ്രേണിയുമുണ്ട്. കൂൺ വിത്തുകളും കൂൺ ഉൽപന്നങ്ങളും കുന്തിരിക്കത്തിൽ നിന്നുണ്ടാക്കിയ ചന്ദനത്തിരികളും വിവിധ ഫലവർഗ, പൂച്ചെടിത്തൈകളും വിൽപനക്കുണ്ട്.

കാർഷിക യന്ത്രോപകരണങ്ങളും കാർഷികോൽപന്ന സംസ്കരണ യന്ത്രങ്ങളും പരിചയപ്പെടുന്നതിനൊപ്പം അക്വാപോണിക്സ് കൃഷി രീതി, വിവിധ മാലിന്യ സംസ്കരണ മാർഗങ്ങൾ കണ്ടറിയാനും കാർഷിക സർവകലാശാല സൗകര്യമൊരുക്കിയിട്ടുണ്ട്.